എച്ച്.സി (ജി) -10134/2015

ഡയറക്ടറേറ്റ് ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്
തിരുവനന്തപുരം
തീയതി: 21-03-2016

## സർക്കുലർ

സംസ്ഥാനത്തെ ചില ജയിലുകളിൽ തടവുകാർ മരണപ്പെട്ടത് യഥാസമയം വേണ്ടത്ര ചികിത്സ ലഭ്യമാക്കുന്നതിനും ജയിൽ അധികൃതർ നടപടികൾ സ്വീകരിക്കാത്തത് കൊണ്ടാണെന്ന് ദൃശ്യ മാധ്യമങ്ങളിൽ പല അവസരങ്ങളിലും വാർത്തകൾ പ്രചരിച്ചിട്ടുണ്ട്. കസ്റ്റഡിയിൽ കഴിയുന്ന പ്രതികളുടെ പൂർണ്ണമായ സംരക്ഷണം ജയിൽ വകുപ്പിന്റെ ചുമതലയായതിനാൽ പ്രതികൾക്ക് യഥാസമയം യാതൊരു വീഴ്ചയും കൂടാതെ ചികിത്സ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം ജയിൽ അധികൃതർക്കുണ്ട്. ആയതിനാൽ മുഴുവൻ സമയ മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമല്ലാത്ത ജയിലുകളിൽ കുറഞ്ഞത് ആഴ്ചയിൽ രണ്ട്പ്രാവശ്യമെങ്കിലും ജയിലിന് സമീപമുള്ള സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ സേവനം ജയിലുകളിൽ ലഭ്യമാക്കുന്നതിനും ജയിൽ സൂപ്രണ്ടുമാർ ജില്ലാ മെഡിക്കൽ ഓഫീസറുടെ ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരെ നേരിട്ട് കണ്ട് സംസാരിച്ച് ഇക്കാര്യത്തിന്റെ ഗൗരവം അവരെ ബോധ്യപ്പെടുത്തി ഡോക്ടർമാരുടെ സേവനം ജയിൽ അന്തേവാസികൾക്ക് പരമാവധി ലഭിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. വിദഗ്ധ പരിചരണത്തിനും ചികിത്സയ്ക്കും മെഡിക്കൽ ഓഫീസർമാർ റഫർ ചെയ്യുന്ന തടവുകാരെ ആശുപത്രിയിൽ എത്തിക്കുന്നതിന് യാതൊരുകാരണവശാലും താമസം വരുത്താവുന്നതല്ല. അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ അച്ചടക്ക നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുന്നതാണ്.

21/3.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും
പകർപ്പ് :-

ഡി.ഐ.ജി. ഓഫ് പ്രിസൺസ്
ഉത്തര മേഖല/മദ്ധ്യ മേഖല/ദക്ഷിണ മേഖല

റ്റി.എസ്.

രമേശ് ചെന്നിത്തല
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
കേരളം

No. 137/N/2016/M(H&V)

14-01-2016

**കുറിപ്പ്**

കേരളത്തിലെ ജയിലുകളിൽ പാർപ്പിച്ചിരിക്കുന്ന തടവുകാർക്ക് യഥാസമയം വൈദ്യസഹായം ലഭിക്കുന്നില്ലെന്നുള്ള പരാതി ജനപ്രതിനിധികൾ, മാധ്യമങ്ങൾ, തടവുകർ, അവരുടെ ബന്ധുക്കൾ എന്നിവരിൽ നിന്നും സർക്കാരിൽ ലഭിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ 52 ജയിലുകളിൽ 5 ജയിലുകളിൽ മാത്രമാണ് എല്ലാ ദിവസവും ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളത്. നിലവിലുള്ള ജയിൽ ചട്ടങ്ങളനുസരിച്ച് ആഴ്ചയിൽ രണ്ടുപ്രാവശ്യവും അത്യാവശ്യഘട്ടങ്ങളിൽ ദിവസവും മെഡിക്കലാഫീസർ ജയിൽ സന്ദർശിച്ച് തടവുകാരുടെ ചികിത്സയും ആരോഗ്യ-ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ മെഡിക്കലാഫീസർമാരുടെ സേവനം വേണ്ടവിധത്തിൽ ലഭിക്കാത്തതിനാൽ തടവുകാർക്ക് നിയമപരമായി നൽകേണ്ട വൈദ്യസേവനം യഥാസമയം ലഭ്യമാക്കുന്നതിന് ജയിൽവകുപ്പിന് കഴിയാത്ത സാഹചര്യമാണുള്ളത്. ദേശീയ/സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ടുകളിൽ ഇക്കാര്യം പലപ്രാവശ്യം പരാമർശവിധേയമായിട്ടുണ്ട്. ഇക്കഴിഞ്ഞ 2015-ൽ 41 തടവുകാരാണ് ജയിലിൽ വച്ച് മരണപ്പെട്ടത്. ഇവരിൽ പലർക്കും യഥാസമയം വൈദ്യസഹായം നൽകിയില്ല എന്ന പരാതിയും വ്യാപകമായിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് സ്ഥിരം ഡോക്ടർമാരില്ലാത്ത എല്ലാ ജയിലുകളിലും ആഴ്ചയിൽ രണ്ടു ദിവസവും അത്യാവശ്യഘട്ടങ്ങളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

രമേശ് ചെന്നിത്തല

**ശ്രീ. വി. എസ്. ശിവകുമാർ**
ബഹു. ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി

പകർപ്പ്: ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ഫോൺ-ഓഫീസ്: 0471-2333254, 2333294 ഫാക്സ്: 0471-2334648 മൊബൈൽ : 9447777100
ഇമെയിൽ : min.home@kerala.gov.in
ഓഫീസ് : റൂം നമ്പർ 131, രണ്ടാംനില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001